പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1393

11-08-2017 ൽ മറുപടിക്ക്

**തെങ്ങിൽ നിന്നും മധുരക്കള്ള് ഉല്പാദനം**

| ചോദ്യം<br>ശ്രീ. അനിൽ അക്കര | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) നാളികേര വികസന കോർപ്പറേഷൻ മുൻ എം.ഡി ശ്രീ. ബിജു പ്രഭാകർ തെങ്ങിൽ നിന്ന് മധുരക്കള്ള് ഉത്പ്പാദിപ്പിക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) യും (ബി) യും<br>ഉണ്ട്. പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കുറിപ്പ്

വിഷയം:- **നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് കേരകർഷകരെ സഹായിക്കുന്നത് - സംബന്ധിച്ച്.**

കേരളത്തിന്റെ സമ്പദ്ഘടനയിൽ തെങ്ങിനും നാളികേരത്തിനും വളരെ പ്രാധാന്യം ഉണ്ട്. ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതമാർഗ്ഗമായാണ് നാളികേരകൃഷി കണക്കാക്കപ്പെടുന്നത്. തെങ്ങിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന കള്ള് ഒരു കാലത്ത് കേരളത്തിലെ കർഷകരുടെ പ്രധാന വരുമാനമാർഗ്ഗമായിരുന്നു. എന്നാൽ കാലക്രമേണ അതിന്റെ പ്രാധാന്യം കുറഞ്ഞു. മധുരക്കള്ളിന്റെ ലഭ്യതക്കുറവും മായം ചേർത്ത കള്ളും ആയിരുന്നു പ്രധാനം പ്രശ്നം. ആരോഗ്യപരമായ കാരണങ്ങൾ പറഞ്ഞും കള്ളിന്റെ ഉപയോഗം പലകോണുകളിൽ നിന്നും നിരുത്സാഹപ്പെടുത്തുകയുണ്ടായി. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വ്യാജ ചാരായം കലർത്തിയും രാസപദാർത്ഥങ്ങൾ കൂട്ടിയോജിപ്പിച്ച ലായനികൾ കലർത്തിയും കള്ളിനെ അതിന്റെ സ്വതസിദ്ധമായ ഗുണങ്ങൾ ഇല്ലാതാക്കി പ്രസ്തുത വ്യവസായം തന്നെ തകർത്തു. സംസ്ഥാനത്തിന്റെ പ്രഖ്യാപിതനയം മദ്യവർജ്ജനമാണെന്നിരിക്കെ വീര്യം കൂടിയ മദ്യത്തന് പകരം മധുരക്കള്ള് പ്രോത്സാഹിപ്പിക്കാവുന്നതാണ്. സംസ്ഥാനത്ത് മദ്യനിരോധനം നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ഗുണദോഷങ്ങളെപ്പറ്റി പഠിച്ച ഉദയഭാനു കമ്മിറ്റിയുടെ റിപ്പോർട്ടിലും മധുരക്കള്ളിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റി വിശദീകരിക്കുന്നുണ്ട്. ഇന്ന് കേരകർഷകർ ദയനീയ സ്ഥിതിയിലാണ്. കമ്പോളത്തിൽ കിലോയ്ക്ക് 15/- രൂപയോളം വിലയുള്ള നാളികേരം 25/- രൂപ നിരക്കിൽ സർക്കാർ സംഭരിച്ചിട്ടും മുഴുവൻ കേരകർഷകരെ സഹായിക്കുവാൻ ബുദ്ധിമുട്ടുന്നുണ്ട്. കൊപ്ര, വെളിച്ചെണ്ണ എന്നീ രണ്ടുല്പന്നങ്ങളിൽ അധിഷ്ഠിതമായാണ് നാളികേരത്തിന്റെ വില നിശ്ചയിക്കപ്പെടുന്നത്. കലർപ്പുള്ള വെളിച്ചെണ്ണയുടെ വരവും, മറ്റ് ഭക്ഷ്യ എണ്ണയുടെ വിപണിയിലുള്ള അധിലഭ്യതുയും കാരണം വെളിച്ചെണ്ണയ്ക്ക് അടുത്തകാലത്ത് വിലവർദ്ധനവുണ്ടാകാൻ സാധ്യതയില്ല. അതുകൂടാതെ വെളിച്ചെണ്ണയെ ഹൃദ്രോഗവുമായി ബന്ധപ്പെടുത്തിയിട്ടുള്ള

വാർത്തകളും നാളികേരത്തിന് ദോഷകരമായി ഭവിക്കുന്നു. ഉല്പാദനച്ചില വിനുപുറമെ 30/- രൂപാമുതൽ 100/- രൂപാവരെ തെങ്ങ് കയറ്റുകൂലി കൊടുത്തിട്ടാണ് പല കർഷകരും നാളികേരമിടുന്നത്. ഇവയെല്ലാംകൂടി തെങ്ങുകൃഷി ലാഭകരമല്ലാത്ത അവസ്ഥയിലെത്തിച്ചു.

**ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ "ആരോഗ്യത്തിനു ഹാനീകരമല്ലാത്തതും എല്ലാത്തരക്കാർക്കും ഉപയോഗിക്കുന്നതുമായ 2 – 4 ശതമാനം വീര്യം മാത്രമുള്ള മധുരക്കള്ളിന്റെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റി"** പ്രതിപാദിക്കുന്നുണ്ട്. ഇന്ന് കേരളത്തിൽ 4,90,000 തെങ്ങുകളിൽ നിന്നും 11 ലക്ഷത്തോളം ലിറ്റർ കള്ള് ഉല്പാദിപ്പിച്ച് 4,355 കള്ളുഷാപ്പുകളിൽക്കൂടി വിതരണം ചെയ്യപ്പെട്ടുവരുന്നു. നമ്മുടെ ബിയർ പാർലർകളിൽ വിൽക്കപ്പെടുന്ന വൈൻ, ബിയർ എന്നിവ നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കാത്ത കാർഷിക ഉൽപന്നങ്ങളായ മുന്തിരി, ബാർളി എന്നീ അസംസ്കൃതവസ്തുക്കളിൽ നിന്നാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. അവയുടെ വിപണനംകൊണ്ട് നമ്മുടെ കർഷകർക്ക് ഒരു പ്രയോജനവും ലഭിക്കുന്നില്ല. ബിയറിനെക്കാട്ടിലും വീര്യംകുറഞ്ഞ മധുരക്കള്ള് പ്രോത്സാഹിപ്പിക്കുന്നതിന് എതിർപ്പുവരുവാൻ സാധ്യതയും കുറവാണ്. വൈനിന്റെയും, ബിയറിന്റെയും സ്ഥാനത്ത് നമ്മുടെ തനതു പാനീയമായ മധുരക്കള്ള് നൽകുകയാണെങ്കിൽ നാളികേര വികസനരംഗത്ത് ഒരു കുതിച്ചുചാട്ടം ഉണ്ടാകുവാൻ സാധ്യതയുണ്ട്. ശ്രീലങ്കയുൾപ്പെടെ പലരാജ്യങ്ങളിലും കള്ള് ഒരു ലഹരിവസ്തുവായല്ല കണക്കാക്കപ്പെടുന്നത്. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറയപ്പെടുന്നതുപോലെ ശുദ്ധമായ **മുധരക്കള്ള് വളരെ വൃത്തിയുള്ള അന്തരീക്ഷത്തിൽ നൽകിയാൽ ഉപഭോക്താക്കളെ സംതൃപ്തരാക്കാം. ഈ സാഹചര്യത്തിൽ ശുദ്ധമായ കലർപ്പില്ലാത്ത മധുരക്കള്ള് നക്ഷത്രഹോട്ടലുകളിൽ ഉൾപ്പെടെ വിതരണം നടത്തുവാൻ കേരള സംസ്ഥാനം നാളികേര വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി) ഉദ്ദേശിക്കുന്നു.**

നീര ഉല്പാദകസംഘത്തിന്റെ മാതൃകയിൽ ചെത്തുതൊഴിലാളി തെങ്ങ് ഉടമസ്ഥ കൂട്ടായ്മയിൽ ഒരു ഉല്പാദക കമ്പനി ഉണ്ടാക്കി അവർ മുഖാന്തിരം ഉല്പാദനം നടത്തി അവ സംഭരിച്ച് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ അംഗീകാരത്തോടെ നേരിട്ട് വില്പന നടത്തുവാൻ കേരള സംസ്ഥാനം നാളികേര വിക

സന കോർപ്പറേഷന് താല്പര്യമുണ്ട്. സംഭരിച്ച കള്ള് നീരമാതൃകയിൽ പുളിയ്ക്കാതെയും നിയന്ത്രിത അന്തരീക്ഷത്തിൽ പുളിപ്പിച്ചും സീൽചെയ്ത സംഭരണികളിൽകൂടി ലക്ഷ്യത്തിലെത്തിച്ച് മാന്യമായ അന്തരീക്ഷത്തിൽ ശുദ്ധമായ ആരോഗ്യപാനീയമായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. ആദ്യഘട്ടമായി കേരള സംസ്ഥാന വിനോദസഞ്ചാര കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബിയർ പാർലർകളിൽ പരീക്ഷിച്ച് വിജയകരമായാൽ രണ്ടാംഘട്ടത്തിൽ നക്ഷത്ര ഹോട്ടലുകളിൽ ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു.

ഒരു തെങ്ങിന്റെ ശരാശരി കള്ളുല്പാദനം 1½ ലിറ്ററായി കണക്കാക്കുന്നു. പ്രതിദിനം ലിറ്ററിന് 20/- രൂപ പ്രകാരം തെങ്ങിന്റെ ഉടമസ്ഥന് നൽകുവാൻ സാധിക്കും. മാത്രമല്ല ലിറ്ററിന് 30/- രൂപ മുതൽ 50/- രൂപാവരെ കണക്കാക്കി തെങ്ങുകയറ്റ തൊഴിലാളികൾക്ക് വേതനവും ലഭ്യമാക്കാം. പത്തുതെങ്ങുള്ള ഒരു കർഷകന് പ്രതിദിനം 1½ ലിറ്ററിൽ നിന്ന് കുറഞ്ഞത് 300/- രൂപയും മാസം കുറഞ്ഞത് 7,500/- രൂപയും വരുമാനം ലഭിക്കും. അതുപോലെ ഇരുപത് തെങ്ങിൽ കയറുന്ന തൊഴിലാളിക്ക് ഏകദേശം 1,000/- രൂപ പ്രതിദിനം വരുമാനവും ഏറ്റവും കുറഞ്ഞത് 25,000/- രൂപ മാസവരുമാനവും ലഭിക്കും. ഇത്തരത്തിൽ കള്ള് ചെത്ത് വ്യാപകമായാൽ കേരകർഷകർ രക്ഷപ്പെടും എന്നുമാത്രമല്ല കള്ളുഷാപ്പുകൾ അടച്ചതുമൂലം വഴിയാധാരമായ നൂറുകണക്കിന് ചെത്തുതൊഴിലാളികളെ പുനരധിവസിപ്പിക്കുവാനും സാധിക്കും. മധുരക്കള്ള് ഉപയോഗിക്കുന്നതുവഴി ഹോട്ടൽ വ്യവസായരംഗത്തെ വരുമാനം കൂടുക മാത്രമല്ല വിനോദസഞ്ചാരരംഗത്ത് ഗോവയുടെ ഫെനിയെന്ന പാനീയംപോലെ കേരളത്തിന്റെ തനതായ ഒരു പാനീയമായി മധുരക്കള്ളിനെ അവതരിപ്പിക്കുവാനും ഒരു വിനോദസഞ്ചാര ആകർഷക ശക്തി ആക്കുവാനും സാധിക്കും. മാത്രമല്ല സംസ്ഥാനത്തിന്റെ മദ്യവർജ്ജന ലക്ഷ്യത്തിലേക്ക് എത്തിപ്പെടുവാൻ 42 ശതമാനം വീര്യമുള്ള മദ്യത്തിനുപകരം 2 – 4 ശതമാനം വീര്യമുള്ള മധുരക്കള്ള് ഗുണകരമായിരിക്കും.

ഇതിന്റെ നടപടികളിലേയ്ക്ക് ആദ്യഘട്ടത്തിൽ വിപണി പഠനത്തിനായി കേരള സംസ്ഥാന വിനോദസഞ്ചാര കോർപ്പറേഷന്റെ മസ്ക്കറ്റ് ഹോട്ടലിൽ 2016 ഡിസംബർ 23 മുതൽ 2017 ജനുവരി 2 വരെ 10 ദിവസം നീളുന്ന

ഒരു നാടൻ ഭക്ഷ്യമേള സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനോടൊപ്പം ശുദ്ധമായ മധുരക്കള്ളും വിതരണം ചെയ്യാവുന്നതാണ്. കേരള സംസ്ഥാന വിനോദസഞ്ചാര കോർപ്പറേഷന്റെ ചെയർമാൻ ഇത് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതാകുന്നു. ഇതിനായി പാലക്കാട്ടെ നിലവിലുള്ള ചെത്തുതൊഴിലാളി സഹകരണം സംഘം മുഖാന്തിരം ശുദ്ധമായ മധുരക്കള്ള് ശേഖരിച്ച് നിയന്ത്രിത അന്തരീക്ഷത്തിൽ മസ്ക്കറ്റ് ഹോട്ടലിൽ എത്തിക്കുവാൻ കെ.എസ്.സി.ഡി.സി തയ്യാറാണ്. ഇങ്ങനെ പത്തുദിവസം നീളുന്ന ഭക്ഷ്യമേളയിൽക്കൂടി മധുരക്കള്ളിനെപ്പറ്റിയുള്ള ജനങ്ങളുടെ അഭിപ്രായവും സ്വീകാര്യതയും അറിയുവാൻ സാധിക്കും. ഇത് വിജയകരമായാൽ അടുത്തഘട്ടത്തിൽ വർഷം 365 ദിവസവും കെ.റ്റി.ഡി.സി-യുടെ എല്ലാ ഹോട്ടലുകളിലും ബിയർ, വൈൻ പാർലറുകളിൽക്കൂടിയും ഇതിന്റെ വിപണനം വ്യാപിപ്പിക്കാവുന്നതാണ്.

ഈ പദ്ധതി വിജയകരമായാൽ ശ്രീലങ്കൻ സർക്കാർ നടപ്പിലാക്കുന്നതുപോലെ കള്ളിൽ നിന്നും ഗുണമേന്മയുള്ള IMFL-ൽ ഉല്പാദനവും ലക്ഷ്യമിടാവുന്നതാണ്. ഈ സാഹചര്യത്തിൽ പത്തുദവിസം നീളുന്ന ഭക്ഷ്യമേളയിൽ മധുരക്കള്ള് വിളമ്പുന്നതിനായി താഴെപ്പറയുന്ന ഉത്തരവുകൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

- കെ.റ്റി.ഡി.സി-യുടെ മസ്ക്കറ്റ് ഹോട്ടലിൽ ടോഡിപാർലർ തുടങ്ങുവാനുള്ള താല്ക്കാലിക ലൈസൻസ് നൽകുക.

- കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പാലക്കാട്ട് നിന്നും 10,000 ലിറ്റർ മധുരക്കള്ള് സംഭരിച്ച് കെ.റ്റി.ഡി.സി-യുടെ മസ്ക്കറ്റ് ഹോട്ടലിൽ വിപണനത്തിനുള്ള അനുവാദം നൽകുക.

തീയ്യതി : 29.11.2016.

മാനേജിംഗ് ഡയറക്ടർ
(കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ)

Fessyrose

സെക്ഷൻ ഓഫീസർ.